## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 4708

22.03.2018 ൽ മറുപടിക്ക്

### വ്യവസായ രംഗത്ത് കേന്ദ്ര സഹായവും നിർദ്ദേശങ്ങളും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എം. ഉമ്മർ** | | **ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കേന്ദ്ര സർക്കാരിന്റെ മാനുഫാക്ചറിങ്ങ് പോളിസിക്ക് അനുസൃതമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) & (ബി) | കേന്ദ്ര സർക്കാരിന്റെ മാനുഫാക്ചറിംഗ് പോളിസിയുടെ ചുവടുപിടിച്ച് ഇന്റഗ്രേറ്റഡ് മാനുഫാക്ച്ചറിംഗ് ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി കൊച്ചി മുതൽ ബാംഗ്ലൂർ വരെയുള്ള പ്രദേശത്ത് വ്യവസായ ഇടനാഴിയായി പ്രഖ്യാപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിരുന്നു. ഈ പദ്ധതി നടപ്പാക്കുന്നതിനായി കേന്ദ്ര നാഷണൽ ഇന്റസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റിലേയ്ക്ക് അപേക്ഷ സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആയതനുസരിച്ച് പ്രസ്തുത സ്ഥാപനത്തിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br>കേന്ദ്ര സർക്കാരിന്റെ മാനുഫാക്ചറിംഗ് പോളിസിക്ക് അനുസൃതമായി കിൻഫ്രക്ക് നിലവിൽ താഴെ പറയുന്ന പദ്ധതികളാണുള്ളത്.<br>• **ഡിഫെൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്:**<br>കേന്ദ്രസർക്കാരിന്റെ മിനിസ്ട്രി ഓഫ് ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ച്ചർ അപ്ഗ്രഡേഷൻ സ്കീമിൽ ഉൾപ്പെടുത്തി കേന്ദ്ര ധനസഹായത്തോടുകൂടി പാലക്കാട് ഒറ്റപ്പാലത്ത് ഒരു ഡിഫെൻസ് പാർക്ക് സ്ഥാപിക്കുന്നതിനായി അനുമതി ലഭിച്ചിട്ടുണ്ട്, |
| (ബി) | പ്രസ്തുത പദ്ധതി നടപ്പിലാക്കുന്ന കാര്യത്തിൽ കേന്ദ്രത്തിൽ നിന്നും ലഭ്യമായ നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ; | | |

| | | | |
|---|---|---|---|
| | | | ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br><br>• **ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം.**<br><br>ഇലക്ട്രോണിക്സ്മാനുഫാക്ചറിംഗ് ക്ലസ്റ്റർ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രധനസഹായ ത്തോടുകൂടി ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട് സ്ഥാപിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ അന്തിമാനുമതി ലഭിച്ചി ട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| **(സി)** | കൊച്ചി-കോയമ്പത്തൂർ വ്യാവസായിക ഇടനാഴി സ്ഥാപിക്കുന്നതിൽ കേന്ദ്ര സർക്കാരിന്റെ സഹായസഹകരണങ്ങൾ ലഭ്യമായിട്ടുണ്ടോ; പദ്ധതിയുടെ സാധ്യതാ പഠനം പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | **(സി)** | കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശമാണ് സംസ്ഥാനം കേന്ദ്രത്തിന് സമർപ്പിച്ചത്. ഈ പദ്ധതിയുടെ വിശദപഠനങ്ങൾ നടത്തേണ്ടത് കേന്ദ്ര സർക്കാരിന്റെ തീരുമാനത്തോടെ കേന്ദ്ര ഏജൻസികളാണ്. എന്നിരുന്നാലും കെ. എസ്. ഐ.ഡി.സി ഈ കാര്യത്തിൽ പ്രാരംഭ പഠനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. |

Bindu.T

**സെക്ഷൻ ഓഫീസർ**